LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി പട്ടികവർഗ്ഗ സാഹിത്യകാരന്മാർക്കായി സാഹിത്യശില്പശാല

13 [2993] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ സാഹിത്യകാരന്മാർക്കുവേണ്ടി സാഹിത്യ ശില്പശാല എത്ര വർഷമായി നടത്തിവരുന്നു;

(ബി) 2003-2004 വർഷം ഈ ഇനത്തിൽ എത്ര ലക്ഷം രൂപ അനുവദിച്ചു എന്നും അതിൽ എത്ര ലക്ഷം രൂപ ചെലവായി എന്നും എത്ര സാഹിത്യകാരൻമാർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു എന്നും വ്യക്തമാക്കാമോ;

(സി) 2004-2005-ൽ ഈ ഇനത്തിൽ എത്ര ലക്ഷം രൂപ അനുവദിച്ചുവെന്നും എത്ര ലക്ഷം രൂപ ചെലവായിയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 1975-1976 വർഷം മുതൽ പട്ടികജാതി-പട്ടികവർഗ്ഗ സാഹിത്യകാരന്മാർക്കു വേണ്ടി സാഹിത്യ ശില്പശാല നടത്തിവരുന്നുണ്ട്.

(ബി) സാഹിത്യ ശില്പശാലയ്ക്കായി 2003-2004 വർഷം 2,23,500 (രണ്ടു ലക്ഷത്തി ഇരുപത്തി മൂവായിരത്തി അഞ്ഞൂറ് മാത്രം) രൂപ അനുവദിച്ചിരുന്നു. ഇതിൽ 1,22,163 (ഒരു ലക്ഷത്തി ഇരുപത്തീരായിരത്തി നൂറ്റി അറുപത്തിമൂന്ന് മാത്രം) രൂപ ചെലവഴിച്ചു. 30 സാഹിത്യകാരന്മാർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

(സി) 2004-2005 വർഷം സാഹിത്യശില്പശാല നടത്തുന്നതിലേക്കായി 5,44,000 (അഞ്ചു ലക്ഷത്തി നാല്പത്തിനാലായിരം മാത്രം) രൂപ അനുവദിച്ചിരുന്നു. ഇതിൽ 1,52,079 (ഒരു ലക്ഷത്തി അൻപത്തിരണ്ടായിരത്തി എഴുപത്തൊൻപത് മാത്രം) രൂപ ചെലവഴിച്ചു. 40 സാഹിത്യകാരന്മാർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

പുലിക്കോട്ടിൽ കൃതികളുടെ പുനഃപ്രസിദ്ധീകരണം

14 [2994] *ശ്രീ. പി. കെ. അബ്ദുറബ്ബ്:*
,, പി. കെ. കെ. ബാവ:
,, കെ. എൻ. എ. ഖാദർ:
,, സി. മോയിൻകുട്ടി:
,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാപ്പിളപ്പാട്ടിന്റെ കുഞ്ഞൻ നമ്പ്യാർ എന്ന അപരനാമധേയത്തിൽ അറിയപ്പെടുന്ന പുലിക്കോട്ടിൽ ഹൈദർ കവിയുടെ 1979-ൽ പ്രസിദ്ധീകരിച്ച പുലിക്കോട്ടിൽ കൃതികൾ എന്ന ഗ്രന്ഥം ഇന്ന് ലഭ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;